## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T.5045 | 24.10.2011-ലെ മറുപടിക്ക് |
|---|---|

### ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| എ) അന്യസംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് കൊണ്ടുവരുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് ഇപ്പോൾ എന്തെങ്കിലും സംവിധാനമുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | എ) അന്യസംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് കൊണ്ടുവരുന്ന പഴം, പച്ചക്കറി എന്നിവയുടെ ഗുണനിലവാരം പരിശോധിക്കുവാൻ ചെക്ക്പോസ്റ്റുകളിൽ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ വിപണിയിൽ ലഭ്യമായിട്ടുള്ള പഴം, പച്ചക്കറികൾ എന്നിവയുടെ സാമ്പിളുകൾ ഫുഡ് ഇൻസ്പെക്ടർമാർ ശേഖരിച്ച് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ഗവ: അനലറ്റിക്കൽ ലാബുകളിൽ പരിധിക്ക് മുകളിൽ കീടനാശിനി പ്രയോഗിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാറുണ്ട്. |
| ബി) ഇല്ലെങ്കിൽ ഇതിന് നടപടി സ്വീകരിക്കുമോ | ബി) ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യ എല്ലാ സംസ്ഥാനങ്ങളിലും മൊബൈൽ ലാബുകൾ സജ്ജമാക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. ടി മൊബൈൽ ലാബുകൾ പ്രവർത്തനക്ഷമമാകുന്നതോടെ കൂടുതൽ ഫലപ്രദമായ ഇടപെടലുകൾ നടത്തുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ